# Malayala Manorama

## 19 August 2018

## Kochi, Waterlogged, Normal Tide

# ഇത് അതല്ല; അഷ്ടമിയാണ്

**ഭയം വേണ്ട; നഗരത്തിൽ ചിലയിടത്ത് വെള്ളം ഇറങ്ങാത്തത് അഷ്ടമി മുതൽ ഏകാദശി വരെ സാധാരണമായ വേലിയേറ്റം മൂലം**



കൊച്ചി ജഡ്ജസ് അവന്യുവിലെ വെള്ളക്കെട്ട് .



ഇടപ്പള്ളി തോട് കവിഞ്ഞൊഴുകി സർവീസ് റോഡിനു സമീപമുള്ള റോഡിൽ വെള്ളം കയറിയപ്പോൾ.

കൊച്ചി ● മഴ തോർന്നുനിന്ന വൈകുന്നേരം. എന്നിട്ടും നഗരവാസികൾ ഭീതിയിൽ ആയിരുന്നു ഇന്നലെ. താഴ്ന്ന മേഖലകളിൽനിന്നു വെള്ളം ഇറങ്ങിപ്പോകാത്തതുതന്നെ കാരണം.

വെള്ളം ഇറങ്ങിപ്പോകാതിരുന്നതിനു പല കാരണങ്ങളുമുണ്ട്. ഇന്നലെ അഷ്ടമി ആയിരുന്നു. വേലിയേറ്റംമൂലം തീരമേഖലയിൽ അഷ്ടമിക്കു ജലനിരപ്പ് ഉയർന്നുനിൽക്കുമെന്നു പഴമക്കാർ. 21ന് ഏകാദശിയാണ്. അന്നുവരെ കായൽമേഖലയിൽ ജലനിരപ്പു താഴാൻ സാധ്യതയില്ലെന്നും അവർ പറയുന്നു. പെരുമ്പടപ്പ്, ഇടക്കൊച്ചി, കുമ്പളങ്ങി, കണ്ണമാലി, ചെല്ലാനം, പള്ളുരുത്തി കായൽത്തീരങ്ങളിലും വെള്ളം ഉയർന്നു. ഡാമുകളിൽനിന്നുള്ള വെള്ളത്തിന്റെ കുത്തൊഴുക്കാണു കാരണമെന്നു ചിലർ പ്രചരിപ്പിക്കാൻ ശ്രമിച്ചെങ്കിലും മുതിർന്ന തലമുറ അതു തിരുത്തി.

'അഷ്ടമി മുതൽ ഏകാദശിവരെ കായലും പുഴയും വീർത്തു നിൽക്കും.' എന്ന പഴമൊഴിയാണ് അവരിൽപ്പലരും ആവർത്തിച്ചത്. കായലും പുഴയും വീർത്തു നിൽക്കും എന്നതിനർഥം ഏകാദശിവരെ വേലിയിറക്കം ഉണ്ടാവില്ല എന്നാണെന്നും മുതിർന്നവർ പറയുന്നു.

ചിലവന്നൂർ കായലിൽനിന്ന് വൈറ്റില ബണ്ട് റോഡിലേക്കു വെള്ളം കയറി. ചമ്പക്കര കനാൽ റോഡിൽ കണങ്കാൽവരെ വെള്ളം ഉയർന്നു, രാത്രിയോടെ ഇറങ്ങുകയും ചെയ്തു.

കുമ്പളങ്ങി കിഴക്കൻ മേഖലാ നിവാസികളിൽ ചിലർ വെള്ളംപേടിച്ചു വീടുവിട്ടു. കുമ്പളങ്ങി പഞ്ചായത്തിന്റെ രണ്ടു മുതൽ ഒൻപതു വരെ വാർഡുകളിലാണു വെള്ളക്കെടുതി. അഞ്ഞൂറോളം പേരെ സെന്റ് ജോർജ് എൽപി സ്കൂളിലേക്കു മാറ്റി.

കായലിൽനിന്ന് തോടുകളും കനാലുകളും ഓടകളുംവഴി പല ഘട്ടങ്ങളിലായി തള്ളിക്കയറിവന്നത് നാട്ടുകാരെ ആശങ്കപ്പെടുത്തിയെങ്കിലും ഒരിടത്തും കുഴപ്പങ്ങളുണ്ടായില്ല. വളന്തകാട് ഉൾപ്പെടെയുള്ള ചില മേഖലകളിൽ മാത്രമാണു വീടുകളിലും മറ്റു കെട്ടിടങ്ങളിലും വെള്ളം കയറിയത്. അതു രണ്ടു ദിവസം മുൻപേ ആയിരുന്നു. രണ്ടു ദിവസം മുൻപേ വെള്ളം കയറിയ മുളവുകാട്, ചിറ്റൂർ, വടുതലയുടെ ചെറിയൊരു ഭാഗം, എളമക്കര, പേരണ്ടൂർ എന്നിവിടങ്ങളിൽ സ്ഥിതിയിൽ കാര്യമായ വ്യത്യാസമില്ല. ചിറ്റൂരിൽ ചിലയിടങ്ങളിൽ നേരിയ തോതിൽ വെള്ളം കുറഞ്ഞിട്ടുണ്ടെന്നു നാട്ടുകാർ പറയുന്നു. പേരണ്ടൂർ കനാലിന്റെ പാർശ്വങ്ങളിൽ പലേടത്തും ജലനിരപ്പ് ഉയർന്നുതന്നെയാണ്. കലൂരിൽ സെവൻത് ഡേ സ്കൂൾ ഭാഗത്തു കാര്യമായ തോതിൽ വെള്ളക്കെട്ടുണ്ട്.

വേലിയേറ്റം മാറ്റമില്ലാതെ തുടരുന്നതാണു കാരണമെന്നു പഴമക്കാർ പറയുന്നെങ്കിലും പുതുതലമുറ സമൂഹമാധ്യമങ്ങളിലും വാട്സാപ്പ് സന്ദേശങ്ങളിലും കാണുന്ന സന്ദേശങ്ങൾ വിശ്വസിച്ച് സ്ഥലം വിടുന്നതായാണു തീരമേഖലയിൽ ഇന്നലെ കണ്ടത്.

അഷ്ടമി മുതൽ ഏകാദശിവരെ വേലിയേറ്റം തുടരുകയും ഈ ദിവസങ്ങളിൽ കനത്ത മഴ ഉണ്ടാവുകയും ചെയ്താൽ തീരത്തു ജീവിതം ദുരിതത്തിലാകും. കിഴക്കൻ മേഖലയിൽ പ്രളയം കുറഞ്ഞെന്നതിന്റെ പേരിൽ ഈ ദിവസങ്ങളിൽ ഡാമുകളുടെ ഷട്ടർ കൂടുതൽ ഉയർത്തിയാൽ കഷ്ടത്തിലാകുന്നതും തീരജനത തന്നെ.

ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്നു കെ.വി. തോമസ് എംപി പറയുന്നു.

മറ്റു ജനപ്രതിനിധികളുടെകൂടി പങ്കാളിത്തമാണു ജനങ്ങൾ തേടുന്നത്.